"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പട്ടികയിലും അതിദാരിദ്ര്യ പട്ടികയിലും ( epep) ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ വെട്ടത്തുനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി ബിന്ദു ഇല്ലിക്കലിന് വീട് പണിപൂർത്തിയാക്കാനുള്ള ബാക്കി വിഹിതം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.572/2025/LSGD തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:-
1. വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 30/08/2024 ലെ ഭരണ സമിതി യോഗത്തിന്റെ 04(01) തീരുമാനം
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 30/01/2025 ൽ നടന്ന യോഗത്തിന്റെ ഖണ്ഡിക (4.44) തീരുമാനം

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി ബിന്ദു ഇല്ലിക്കൽ ലൈഫ് പദ്ധതയിൽ ക്രമനമ്പർ 259 ആയും, അതിദരിദ്യ പട്ടികയിൽ EPIP27924 ആയും ഉൾപ്പെട്ടിട്ടുണ്ട്. ഭർത്താവ് വീണ് പരിക്കേറ്റ് നിത്യ രോഗിയായതിനാൽ തൊഴിൽ ചെയ്യാൻ ശേഷിയില്ലാത്ത വളരെ ക്ലേശകമായ ജീവിത സാഹചര്യമുള്ള ടി കുടുബത്തിന് സന്നദ്ധപ്രവർത്തകൾ ചേർന്ന് ഭവന നിർമ്മാണത്തിന് ശ്രമിച്ചെങ്കിലും, ധനസമാഹരണം കുറവായതിനാൽ വീട്ടു പണി വാർപ്പ് വരെ എത്തി നിൽക്കുന്നു. ലൈഫ് പദ്ധതി പ്രകാരം കരാർ ഏപ്പെടുന്നതിനു മുമ്പ് വീട് പണി വാർപ്പ് വരെ കഴിഞ്ഞതിനാൽ ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ സാധിക്കാത്തതിനാൽ, ടി കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച്, നിലവിലെ ചട്ടങ്ങൾക്ക് ഇളവു നൽകി ശ്രീമതി ബിന്ദു ഇല്ലിക്കലിന് ലൈഫ് പദ്ധതയിൽ മുൻഗണ നൽകി ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് സമിതി യോഗം പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025 ലെ യോഗം ഇക്കാര്യം പരിശോധിച്ചു. അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന

മലപ്പുറം ജില്ലയിലെ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി ബിന്ദു ഇല്ലിക്കലിന് വീട്ടു പണിപൂർത്തിയാക്കുന്നതിനുള്ള ബാക്കി വിഹിതം (നാലു ലക്ഷം രൂപയിൽ പരിമതപ്പെടുത്തി) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം

ശ്രീമതി. ബിന്ദു, ഇല്ലിക്കൽ (സെക്രട്ടറി, വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 28-02-2025 16:20:48
സെക്ഷൻ ഓഫീസർ